"ഭരണഭാഷ– മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ത.സ്വ.ഭ.വ. – കേരളത്തിലെ നഗരങ്ങളിൽ രാത്രികാലങ്ങളിലും സജീവമായ നിരത്തുകളും കച്ചവടസ്ഥാപനങ്ങളും പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.)വകുപ്പ്**

**സ.ഉ.(കൈ) നം.40/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/02/2020

---

**<u>ഉത്തരവ്</u>**

കേരളത്തിലെ നഗരങ്ങളിൽ രാത്രികാലങ്ങളിലും സജീവമായ നിരത്തുകളും കച്ചവടസ്ഥാപനങ്ങളും ഉണ്ടാകേണ്ടത് കേരളം പോലെ ടൂറിസം മേഖലയ്ക്ക് ഗണ്യമായ പ്രാധാന്യമുള്ള ഒരു സംസ്ഥാനത്തിന് അത്യന്താപേക്ഷിതമാണ്. രാത്രികാലങ്ങളിൽ സുരക്ഷിതമായി സഞ്ചരിക്കുന്നതിനും ഗുണനിലവാരമുള്ള ഭക്ഷണം കഴിക്കുന്നതിനും അത്യാവശ്യ സാധന സാമഗ്രികൾ വാങ്ങുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാകേണ്ടത് ടൂറിസം വികസനത്തിന് ആവശ്യമാണ്. സജീവമായ ചില നിരത്തുകളെങ്കിലും ഒരു തുടക്കമെന്ന നിലയിൽ എല്ലാ പ്രധാന നഗരങ്ങളിലും ഉണ്ടാകേണ്ടതുണ്ട്.

2. പ്രസ്തുത പദ്ധതിയിലൂടെ പ്രത്യക്ഷമായും പരോക്ഷമായും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. ചെറുകിട വ്യാപാരികൾക്കും ഹോട്ടൽ നടത്തുന്നവർക്കും എന്റർടെയ്മെന്റ് മേഖലയിലുള്ളവർക്കും അധിക വരുമാനമുണ്ടാകും. സുരക്ഷിതമായി കൂട്ടായ്മ ചേരാൻ സാഹചര്യം ഒരുങ്ങുമ്പോൾ സമൂഹത്തിൽ ഒരുമയുടെ വികാരം വളർത്താനും ജനജീവിതം കൂടുതൽ സന്തോഷകരമാക്കാനും കഴിയും. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഒഴിവുനേരങ്ങളിൽ തൊഴിൽ ചെയ്യാനുള്ള അവസരവും ലഭിക്കും.

3. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്.

- മതിയായ പാർക്കിംഗ് സൗകര്യങ്ങൾ .
- സൈക്കിൾ യാത്രയ്ക്കും നടപ്പാതയ്ക്കുമുള്ള സൗകര്യങ്ങൾ.
- ശുചിത്വപാലനത്തിനും ഗ്രീൻ പ്രോട്ടോക്കാൾ പാലിക്കുന്നതിനുമുള്ള പ്രത്യേക ശ്രദ്ധ.
- പദ്ധതിയുടെ ആരോഗ്യകരമായ നടത്തിപ്പിന് പോലിസിന്റെയും സെക്യൂരിറ്റി

ജീവനക്കാരുടെയും മേൽനോട്ടം.

- നല്ല രീതിയിലുള്ള വെളിച്ചം ലഭിക്കുന്നതിനായി എൽ.ഇ.ഡി. തെരുവ് വിളക്കുകൾ
- സൗജന്യ വൈഫൈ .

4. ഫുഡ് ട്രക്കുകളെയും വിൽപ്പനക്കാരെയും (FSSA ലൈസൻസ് ഉള്ളവർ) വെള്ളി, ശനി ദിവസങ്ങളിൽ രാത്രി 10 മുതൽ രാവിലെ 5 വരെ പ്രവർത്തിക്കാൻ അനുവദിക്കുന്നതിനായി നിശ്ചിത സ്ഥലം നഗരസഭ നിശ്ചയിച്ച് നൽകേണ്ടതുണ്ട്. തുടക്കമെന്ന നിലയിൽ തിരുവനന്തപുരം നഗരത്തിൽ ഈ പദ്ധതി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

5. മേൽ സാഹചര്യത്തിൽ, കേരളത്തിലെ നഗരങ്ങളിൽ രാത്രികാലങ്ങളിലും സജീവമായ നിരത്തുകളും കച്ചവടസ്ഥാപനങ്ങളും പ്രവർത്തിപ്പിക്കുന്നതിനായുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. തിരുവനന്തപുരം നഗരത്തിൽ 2020 മാർച്ച് 31-ന് മുൻപ് 24 മണിക്കൂറും സജീവമാകുന്ന സുരക്ഷിതമായ നിരത്തുകളും തുറന്നു പ്രവർത്തിക്കുന്ന വ്യാപാര-വാണിജ്യ സ്ഥാപനങ്ങളും കോർപ്പറേഷൻ നിശ്ചയിക്കുന്ന പ്രത്യേക പ്രദേശങ്ങളിൽ പ്രയോഗത്തിൽ വരുത്താൻ തിരുവനന്തപുരം കോർപ്പറേഷൻ നടപടി സ്വീകരിക്കേണ്ടതാണ്.

ii. ഇത് നടപ്പാക്കേണ്ട സ്ഥലം തിരുവനന്തപുരം കോർപ്പറേഷൻ 10 ദിവസത്തിനുള്ളിൽ തെരഞ്ഞെടുത്ത് മതിയായ പ്രചരണം നൽകേണ്ടതാണ്.

iii. മറ്റ് പ്രധാനപ്പെട്ട നഗരങ്ങളിലും മേൽപ്പറഞ്ഞ രീതിയിലുള്ള പദ്ധതി 2020 ഏപ്രിലിൽ തന്നെ പ്രയോഗത്തിൽ വരുത്തേണ്ടതാണ്.

6. ടൂറിസം, പോലീസ്, തദ്ദേശസ്വയംഭരണ വകുപ്പ്, തൊഴിൽ വകുപ്പ്, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവയിലെ ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു സ്ഥിരം സമിതി, സുരക്ഷിതമായും മെച്ചപ്പെട്ട രീതിയിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്. ഇപ്രകാരം സ്ഥിരം സ്ഥിരം രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ബഹു.മേയർ, തിരുവനന്തപുരം കോർപ്പറേഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.
എല്ലാ കോർപ്പറേഷൻ / നഗരസഭ സെക്രട്ടറിമാർക്കും.

(നഗരകാര്യ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ (ജി.എസ്.എസ്.എ)/ (ഇ.ആർ.എസ്.എ.),
കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് (ഇനം നം....................തീയതി......................)
വിവരപൊതുജനസമ്പർക്ക് (വെബ് & ന്യൂമീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.02.22 [illegible]9:50 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.